(സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിൽ സേവനമനുഷ്ടിക്കുന്നവർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലേക്ക് പി.എസ്.സി. മുഖേനയല്ല, മറിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും പ്രൊമോഷൻ മുഖാന്തിരമാണ് നിയമനം നടത്തുന്നത്.

അമ്പലപ്പുഴയെ നഗരസഭയാക്കാൻ നടപടി

80 (2203) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴയെ നഗരസഭയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അമ്പലപ്പുഴ എം. എൽ. എ.-യുടെ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അമ്പലപ്പുഴ എം. എൽ. എ. യുടെ നിവേദനം അടിയന്തിര റിപ്പോർട്ടിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്കും അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇത് നയപരമായ തീരുമാനം ആവശ്യമുള്ള കാര്യമാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം നഗരസഭയുടെ പുതിയ പദ്ധതികൾ

81 (2204) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ ഈ വർഷത്തെ ബഡ്ജറ്റിൽ കൂടി എന്തെല്ലാം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു ;

(ബി) ഓരോ പദ്ധതിയുടേയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ പദ്ധതികൾ എത്ര കാലത്തിനുള്ളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) വൈദ്യുതി ശ്മശാനം-ഗ്യാസ് ചുള നിർമ്മാണം, ഈ നഗരം ലൂയി പാസ്റ്റർക്ക് സ്വന്തം, പുങ്കുളത്ത് ഷോപ്പിംഗ്-കം-ഓഫീസ് കോംപ്ലക്സ് നിർമ്മാണം എന്നീ പദ്ധതികൾ പത്താം പദ്ധതി അവസാനിക്കുന്നതിന് മുമ്പ് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ആശുപത്രി വികസനം ഒഴികെയുള്ള മറ്റ് പദ്ധതികൾ 2003-2004 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും.

തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞ വർഷത്തെ പദ്ധതികൾ

82 (2205) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ കൂടി ഏതെല്ലാം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു ; അവയിൽ ഏതെല്ലാം നടപ്പാക്കി ; ബാക്കിയുള്ളവ നടപ്പാക്കാതിരുന്നതെന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

തിരുവനന്തപുരം നഗരത്തിലെ മാലിന്യമുക്ത മേഖലകൾ

83 (2206) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ എവിടെയെല്ലാമാണ് മാലിന്യമുക്ത മേഖലയാക്കിയിട്ടുള്ളത് ;

(ബി) ഈ വർഷം എവിടെയെല്ലാം പുതിയ മാലിന്യമുക്ത മേഖലകൾ ഉണ്ടാക്കാൻ ഉദ്ദേശമുണ്ട് ;

(സി) നഗരശുചിത്വത്തിന് നീക്കിവെച്ചിട്ടുള്ള തുകയെത്രയാണ് ;

(ഡി) ഈ തുകയിൽ നിന്നും തിരുവനന്തപുരം നഗരസഭയുടെ ഓരോ ഡിവിഷനും എത്ര തുക വീതം കിട്ടും ?

---

† അനുബന്ധം II, III

LIBRARY ARCHIVES Kerala Legislative Assembly

സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM)

ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ 183 ലക്ഷം രൂപയുടെ പദ്ധതികൾ വിവിധ കേന്ദ്ര അന്തർദ്ദേശീയ വകുപ്പുകളുടെയും ഏജൻസികളുടെയും ധനസഹായത്തോടെ നടത്തി വരുന്നുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ ലഭ്യമാക്കുന്നതിന് ഈ സ്ഥാപനത്തിന്റെ ശാസ്ത്രസഭ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നു. ഈ ശാസ്ത്ര സഭയിൽ ഈ വിഷയത്തിൽ രാജ്യത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരാണ് ഉള്ളത്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ഈ സ്ഥാപനത്തിന് ധനസഹായം ലഭിക്കുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ ചെയ്തു തരുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ഗവേഷണത്തിനും വികസനത്തിനുമായി ധനസഹായം കേരള സർക്കാരിന് ലഭിക്കാൻ ചില പദ്ധതികൾ ഈ കേന്ദ്രം ആവിഷ്കരിച്ചിട്ടുണ്ട്. ഇവയിൽ "അട്ടപ്പാടി പരിസ്ഥിതി പുനർജ്ജീവന പദ്ധതി", "അഷ്ടമുടി-ശാസ്താംകോട്ട മാനേജ്മെന്റ് ആക്ഷൻ പ്ലാൻ" എന്നിവ പ്രാധാന്യം അർഹിക്കുന്നു.

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി

ഈ സെന്ററിലെ ശാസ്ത്രജ്ഞൻ തയ്യാറാക്കുന്ന പദ്ധതികൾ കേന്ദ്ര സംസ്ഥാന ശാസ്ത്ര ഗവേഷണ ഏജൻസികളായ ഡി.ബി.റ്റി., ഡി.എസ്.റ്റി., ഐ.സി.എ.ആർ., ഐ.സി.എം.ആർ., സ്റ്റെക്ക് എന്നിവിടങ്ങളിൽ സമർപ്പിക്കുകയും ഇതിനനുസരിച്ച് കിട്ടുന്ന ധനസഹായങ്ങൾ പദ്ധതി നടത്തിപ്പിനുവേണ്ടി ചെലവിടുകയും ചെയ്യുന്നു.

അനുബന്ധം - II

[8-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 81 (2204) കാണുക]

തിരുവനന്തപുരം നഗരസഭ ഈ വർഷം പ്രഖ്യാപിച്ച പദ്ധതികളും ഉദ്ദേശലക്ഷ്യങ്ങളും

1. ശുചിത്വ നഗരം സുന്ദര നഗരം

നഗരശുചീകരണം ഊർജ്ജിതമാക്കി നഗരത്തെ ചവർമുക്ത മേഖല ആക്കുകയാണ് ഉദ്ദേശ ലക്ഷ്യം.

2. ഹെർബൽ സിറ്റി

ആയുർവേദ ഔഷധങ്ങളുടെ ആവശ്യം കണക്കിലെടുത്ത് നഗരത്തിൽ ആയുർവേദ ഔഷധങ്ങൾ വെച്ചുപിടിപ്പിച്ച് ഒരു ഹെർബൽ സിറ്റി ആക്കുക. ആയതിന്റെ ആദ്യഘട്ടമായി വിളപ്പിൽശാല ജൈവവള ഫാക്ടറിയിൽ ഗ്രീൻബെൽറ്റ് നിർമ്മാണത്തിനായി നീക്കിവെച്ചിട്ടുള്ള സ്ഥലത്തും നഗരസഭ വക മറ്റ് സ്ഥലത്തും ഔഷധ സസ്യകൃഷി ആരംഭിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. തമസ്സോമ ജ്യോതിർഗമയഃ

എല്ലാവാർഡുകളിലും നേത്ര പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ച് നേത്ര രോഗികളെ കണ്ടെത്തി സൗജന്യ ചികിത്സ ലഭ്യമാക്കുക.

4. ആരോഗ്യം എന്റെ സമ്പത്ത്

പരസ്പര ബന്ധിതങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം എന്നിവയ്ക്കും ദന്തരോഗം, ക്ഷയരോഗം, കുഷ്ഠരോഗം എന്നിവയ്ക്കും മതിയായ ചികിത്സ ലഭ്യമാക്കുക.

5. തലസ്ഥാന നഗരം ക്യാൻസർ നിയന്ത്രിത നഗരം

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ മുഖേന ക്യാൻസർ പ്രതിരോധ പരിപാടികൾ, ബോധവൽക്കരണം, രോഗനിർണ്ണയ ക്യാമ്പുകൾ, ചികിത്സ എന്നിവ ലക്ഷ്യമാക്കുക.

6. പകർച്ച വ്യാധികൾക്ക് വിട

കൊതുക് നിവാരണത്തിനായി പ്രത്യേക സേന രൂപീകരിച്ച് മരുന്ന് വാർഡു തലത്തിൽ സ്പ്രേ ചെയ്യുക, ബോധവൽക്കരണം ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ച് പകർച്ച വ്യാധികൾ കടന്നുവരാനുള്ള സാഹചര്യം ഇല്ലാതാക്കുക.

7. വാർദ്ധക്യം വാൽസല്യം

വൃദ്ധജനങ്ങൾക്കുള്ള ചികിത്സാ പരിപാടി നഗരസഭാ വക ആയുർവേദ ആശുപത്രികൾ മുഖേന നടപ്പിൽ വരുത്തുക.

8. പ്രിയഭോജനം

നഗരത്തിലെ താമസക്കാർക്കും വന്നുപോകുന്നവർക്കും നഗരത്തിലെ ഹോട്ടലുകളിൽ നിന്നും ശുചിത്വമുള്ള ഭക്ഷണം ലഭ്യമാക്കൽ.

9. ആശുപത്രികൾക്ക് മരുന്നു വിതരണം

നഗരസഭയുടെ കീഴിലുള്ളതും ദൈനംദിനം നൂറുകണക്കിന് സാധാരണക്കാർ ചികിത്സ തേടി എത്തുന്നതുമായ ആശുപത്രികളിലേയും (അലോപ്പതി, ആയുർവേദ, ഹോമിയോ) പി.എച്ച്.സി.കളിലേയും മരുന്നിന്റെ ദൗർലഭ്യം കണക്കിലെടുത്ത് നഗരസഭ നേരിട്ട് ഔഷധങ്ങൾ വാങ്ങി നൽകൽ.

LIBRARY ARCHIVES Kerala Legislative Assembly

10. ആശുപത്രികളുടെ വികസനം

നഗരസഭയുടെ കീഴിലുള്ള ആശുപത്രികൾ, പി.എച്ച്.സി.കൾ, ലാബുകൾ, എന്നിവ പ്രവർത്തിക്കുന്ന സ്വന്തം കെട്ടിടങ്ങളുടെ മെയിന്റനൻസ് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ.

11. നോപ്ലാസ്റ്റിക് ക്യാമ്പയിൻ

വിപുലമായ ബോധവൽക്കരണത്തിലൂടെ വ്യാപകമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗ ശീലത്തിൽ നിന്നും നഗരവാസികളെ പിൻതിരിപ്പിക്കുക. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പകരം പേപ്പർ, തുണി, ചണം എന്നിവ ഉപയോഗിച്ച് ബദൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംവിധാനം സംഘടിപ്പിക്കുക.

12. ഈ നഗരം ലൂയിപാസ്റ്റർക്ക് സ്വന്തം

നഗരത്തിലെ വളർത്തുനായ്ക്കൾ, തെരുവ് നായ്ക്കൾ ഇവയുടെ വിശദമായ സർവ്വേ നടത്തി വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തി ലൈസൻസ് നൽകുക. നഗരത്തിലെ മൃഗാശുപത്രികൾ കേന്ദ്രീകരിച്ച് തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും പേവിഷബാധ പ്രതിരോധ കുത്തിവയ്പും നടത്തുക.

13. പൂങ്കുളത്ത് ഷോപ്പിംഗ്-കം-ഓഫീസ് കോംപ്ലക്സ്

നഗരസഭയുടെ തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ഒരു ഷോപ്പിംഗ്-കം-ഓഫീസ് കോംപ്ലക്സ് പൂങ്കുളത്ത് സ്ഥാപിക്കുക. നഗരസഭയിലെ അവികസിത പ്രദേശത്തെ വികസനത്തിന്റെ പാതയിൽ എത്തിക്കുക എന്ന ഉദ്ദേശം സാക്ഷാത്കരിക്കുക.

14. മൃതസഞ്ജീവനി

കരമന-കിള്ളിയാർ ശുദ്ധീകരണവും നവീകരണവും

15. സുലഭം ശുദ്ധജലം

നഗരസഭാ പ്രദേശത്തെ ശുദ്ധജല വിതരണ ശൃംഖലകൾ സ്ഥാപിച്ചും, ജലസ്രോതസുകൾ സംരക്ഷിച്ചും, പ്രവർത്തന രഹിതമായിട്ടുള്ള ചെറുകിട ജലവിതരണ പദ്ധതികൾ പുനരുദ്ധരിച്ചും കുടിവെള്ള കിണറുകൾ സ്ഥാപിച്ചും ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനും ഇപ്പോൾ നടന്നുവരുന്ന തൃക്കണ്ണാപുരം മുടവൻമുകൾ ശുദ്ധജല വിതരണ പദ്ധതി വിപുലീകരിക്കുന്നതിനും, വെള്ളായണി ജഡ്ജികുന്ന് ശുദ്ധജല വിതരണ പദ്ധതിക്കും, ചെന്നിലോട് ശുദ്ധജലവിതരണ പദ്ധതിക്കും തുടക്കം കുറിക്കുന്നതിനും കുളങ്ങൾ സംരക്ഷിക്കുന്നതിനും മറ്റുമായി.

346/2012

LIBRARY ARCHIVES Kerala Legislative Assembly

16. നഗരം പ്രകാശപൂരിതം

നഗരത്തോട് കൂട്ടിച്ചേർത്ത് പഞ്ചായത്ത് പ്രദേശങ്ങളിലെ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിച്ചും തെരുവ് വിളക്കുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വിളക്കുകൾ സ്ഥാപിക്കുന്നതിനും കഴക്കൂട്ടം കോവളം ബൈപാസ് ഘട്ടംഘട്ടമായി സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനും (ആദ്യഘട്ടമായി കഴക്കൂട്ടം മുതൽ ചാക്കവരെ) പ്രധാന പട്ടണ കേന്ദ്രങ്ങളിൽ ഹൈമാസ്റ്റ് ലാമ്പുകൾ സ്ഥാപിക്കുന്നതിനുമായി.

17. നഗരവൈദ്യുത ശ്മശാനം, ഗ്യാസ് ചൂള നിർമ്മാണം

ഗ്യാസ് ചൂള നിർമ്മാണം വൈദ്യുതിയുടെ ദൗർലഭ്യം പരിഹരിക്കും എന്നുള്ളതാകുന്നു.

18. നഗരസഭ ഗസ്റ്റ് ഹൗസ്

ശംഖുമുഖം കൊട്ടാരം തിരുവനന്തപുരം നഗരസഭ ഗസ്റ്റ് ഹൗസാക്കി മാറ്റുന്നതിനുള്ള നടപടികൾ.

അനുബന്ധം - III

[8-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 82 (2205) കാണുക]

തിരുവനന്തപുരം നഗരസഭ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ

1. തലസ്ഥാന നഗരം സുന്ദരനഗരം
2. കൊതുക് നിർമ്മാർജ്ജനം.
3. തെരുവ് നായ്ക്കളുടെ വന്ധ്യംകരണം
4. ആശുപത്രികൾക്ക് മരുന്ന് വിതരണം
5. പ്രിയഭോജനം ക്യാമ്പയിൻ
6. സുലഭം ശുദ്ധജലം
7. നഗരം പ്രകാശപൂരിതം
8. തൈക്കാട് വൈദ്യുത ശ്മശാനം വിലുപീകരണം
9. മരാമത്ത് മേഖലയ്ക്ക് മുൻതൂക്കം.
10. കണ്ണമ്മൂല പുനരധിവാസ ഭവന പദ്ധതി.
11. ബി.ഒ.റ്റി.യിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ
12. ശംഖുമുഖം ബീച്ച് ഡെവലപ്മെന്റ് സ്കീം.
13. തിരുവല്ലത്ത് ടൂറിസ്റ്റ് ഹെറിറ്റേജ് വില്ലേജ്.
14. ടൂറിസ്റ്റ് ഹോം.

LIBRARY ARCHIVES Kerala Legislative Assembly